# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1732

10/02/2020-ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ സംഘർഷം

**ചോദ്യം**

ശ്രീ.റോജി എം.ജോൺ
ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ
ശ്രീ.ഷാഫി പറമ്പിൽ :

**മറുപടി**

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ തുടർച്ചയായി നടക്കുന്ന സംഘർഷങ്ങളും നിയമലംഘനങ്ങളും മൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്; |
| (ബി) | പഠിപ്പ് മുടക്കിയ പ്രതിപക്ഷ അനുകൂല വിദ്യാർത്ഥി സംഘടനാ പ്രവർത്തകരെ സസ്പെന്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഭരണപക്ഷ അനുകൂല വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ കോളേജ് പ്രിൻസിപ്പലിനെ മണിക്കൂറുകളോളം തടഞ്ഞ് വയ്ക്കുകയുണ്ടായോ; | (ബി) | കോളേജിൽ നിന്ന് ലഭ്യമാക്കിയ വിവരം അനുസരിച്ച് പഠിപ്പ് മുടക്കിയ പ്രതിപക്ഷ അനുകൂല വിദ്യാർത്ഥി സംഘടന പ്രവർത്തകരെ സസ്പെൻഡ് ചെയ്യണമെന്നാവശ്യപ്പട്ട് ഭരണപക്ഷ അനുകൂല വിദ്യാർത്ഥി സംഘടന പ്രവർത്തകർ പ്രിൻസിപ്പാളിനെ തടഞ്ഞ് വച്ചിട്ടില്ല. 28.11.2019-ന് ഉച്ചയ്ക്ക് ശേഷം വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ സസ്പെൻഡ് ചെയ്യണമെന്നാവശ്യപ്പെട്ട് നൽകിയ പരാതിയിൽ നടപടിയെടുക്കുന്നതിലേയ്ക്കായി പ്രിൻസിപ്പലിനെ തടഞ്ഞുവച്ച സംഭവം ഉണ്ടായിട്ടുണ്ട്. |
| (സി) | കോളേജിലുണ്ടായ കത്തികുത്ത് സംഭവത്തിന് ശേഷം കോളേജിൽ ഏർപ്പെടുത്തിയ പോലീസ് സംരക്ഷണം പിൻവലിക്കുകയുണ്ടായോ; എങ്കിൽ ആരുടെ സമ്മർദ്ദഫലമായിട്ടാണ് ഇവരെ പിൻവലിച്ചത്; വ്യക്തമാക്കുമോ; | (സി) | കോളേജിൽ ഉണ്ടായ കത്തിക്കുത്ത് സംഭവത്തിനുശേഷം ക്യാമ്പസിനുള്ളിൽ ക്രമസമാധാന അന്തരീക്ഷം പുന:സ്ഥാപിക്കുന്നതിന് വേണ്ടിയും, ഇതിനെ തുടർന്ന് അക്രമ സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുമായി പോലീസ് ബന്തവസ്സ് ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ക്യാമ്പസിനുള്ളിൽ സമാധാന അന്തരീക്ഷം പുന:സ്ഥാപിച്ചതിനെ തുടർന്ന് പോലീസ് |

| | | | |
|---|---|---|---|
| | | | സംരക്ഷണം പിൻവലിക്കുകയാണുണ്ടായത്. നിലവിൽ കോളേജും, പരിസരവും പോലീസ് നിരീക്ഷണത്തിൽ തുടർന്ന് വരികയാണ്. ആരുടെയും സമ്മർദ്ദത്തിന് വഴങ്ങിയല്ല ക്യാമ്പസിനുള്ളിൽ പോലീസ് സംരക്ഷണം പിൻവലിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത കോളേജിൽ ഒരു വിദ്യാർത്ഥിനി ഭരണപക്ഷ അനുകൂല വിദ്യാർത്ഥി സംഘടനക്കാരുടെ മാനസിക പീഢനം മൂലം ആത്മഹത്യക്ക് ശ്രമിച്ച സംഭവത്തെത്തുടർന്ന് വിദ്യാഭ്യാസ ഡയറക്ടർ നൽകിയ റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയായിരുന്നുവെന്നും അവ നടപ്പിലാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും അറിയിക്കുമോ? | (ഡി) | തിരുവനന്തപുരം യൂണിവേഴ്സിററി കോളേജിലെ വിദ്യാർത്ഥിനി നടത്തിയ ആത്മഹത്യ ശ്രമവുമായി ബന്ധപ്പെട്ട് വകുപ്പ് തല അന്വേഷണ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.<br><br>1)വിദ്യാർത്ഥി സംഘടനകളെ ക്യാമ്പസുകളിൽ കർശനമായി നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണം,<br><br>2)2004-ലെ Kerala Students UnionVs Sojan Franceis എന്ന കേസിൽ ബഹു.കേരള ഹൈക്കോടതിയുടെ സുപ്രധാന വിധിയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കലാലയങ്ങളിലെ സംഘടനാ പ്രവർത്തനങ്ങൾ വ്യവസ്ഥിതിപ്പെടുത്താനുള്ള മാർഗ്ഗനിർദ്ദശങ്ങൾ പുറപ്പെടുവിക്കണം.<br><br>3)എല്ലാ കോളേജുകളിലും യു.ജി.സി നിഷ്കർഷിക്കുന്ന Grievance Redressal Committee, Anti Ragging Committee, Womens study centre, Discipline committee മുതലായ കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br><br>4)ജീവനി പദ്ധതിയിൻ കീഴിൽ എല്ലാ കോളേജുകളിലും കൗൺസിലിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങളും, അന്വേഷണ റിപ്പോർട്ടിലെ ശുപാർശകളുടെയും അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി കോളേജിലെ അദ്ധ്യാപകരുടെ ബയോ മെട്രിക് പഞ്ചിംഗ് സ്റ്റേറ്റ്മെന്റ് എടുക്കുകയും കൃത്യസമയത്ത് എത്തിച്ചേരുന്നതിൽ വീഴ്ച വരുത്തിയ അധ്യാപകർക്ക് മെമ്മോ നൽകുകയും വിശദീകരണം നൽകുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.<br><br>യൂണിവേഴ്സിറ്റി കോളേജിലെ grievance redressal |

| | | | |
|---|---|---|---|
| | | | committee, Anti ragging committee, Women's cell എന്നിവ കാര്യക്ഷമമാക്കുവാനും ഇല്ലാത്തവ പുന:സംഘടിപ്പിക്കുവാനും നിർദ്ദേശം നൽകിയിയിട്ടുണ്ട്. കൂടാതെ അനുദിനം മാറിക്കൊണ്ടിരിയ്ക്കുന്ന ആധുനിക ലോകത്തിൽ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിത പ്രശ്നങ്ങൾ നേരിടുന്നതിനുമായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനുമായി 2019-20 സാമ്പത്തിക വർഷം "Jeevani-College Mental Awareness Programme" എന്ന പദ്ധതി എല്ലാ സർക്കാർ കോളേജുകളിലും ആവിഷ്കരിച്ചിട്ടുണ്ട്. ആയതിനുള്ള നിർദ്ദേശം എല്ലാ സർക്കാർ കോളേജുകൾക്കും നൽകുകയും, ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ കോളേജുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി കോളേജുകളിൽ സൈക്കോളജിയിൽ ബിരുദ ബിരുദാനന്തരം പൂർത്തിയാക്കിയ, ക്ലിനിക്കൽ എക്സ്പീരിയൻസ് ഉള്ളവരെ ജീവനി അപ്രന്റീസ്മാരായി താല്ക്കാലികമായി നിയമിച്ചിട്ടുണ്ട്. ഇവർക്ക് 3 ദിവസത്തെ പരിശീലന പരിപാടി വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം വിമൻസ് കോളേജിൽ വച്ച് നടത്തുകയുണ്ടായി, ഈ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം നവംബർ 26 - ന് നിർവഹിയ്ക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**